പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4887 23.03.2018 -ലെ മറുപടിക്ക്

## പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികളിൽ ആദ്യഘട്ടതുക അനുവദിച്ചതിനുശേഷം, സഹായധനത്തിനായി തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകനോ പങ്കാളിക്കോ സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ലഭിച്ചാൽ അവശേഷിക്കുന്ന ഗഡുക്കൾ നൽകേണ്ടതില്ല എന്ന സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; | (എ) | വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ധനസഹായത്തിനായി തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താവിനോ പങ്കാളിക്കോ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലി ലഭ്യമായാൽ പദ്ധതി പ്രകാരമുള്ള തുടർ ഗഡുക്കൾ നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | വളരെ നിർദ്ധനരായ കുടുംബങ്ങളെയാണ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് എന്നതിനാൽ, പെട്ടെന്ന് ആ കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭിച്ചാലും പകുതി പണി പൂർത്തിയായ വീടിന്റെ തുടർപ്പണികൾ തീർക്കാൻ സാധിക്കില്ലായെന്നുള്ള സാഹചര്യം പ്രത്യേകമായി പരിഗണിക്കുമോ; | (ബി) യും (സി) യും | വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 50,000/- രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളെയാണ് ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നത്. അപേക്ഷകനോ പങ്കാളിക്കോ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്ന സാഹചര്യത്തിൽ കുടുംബത്തിന്റെ വാർഷിക വരുമാനം വർദ്ധിക്കും. |
| (സി) | ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് സർക്കാർ ജോലി ലഭിക്കുമ്പോൾ ഇവരുടെ | | |

| | | | |
|---|---|---|---|
| | ശേഷിക്കുന്ന സർവ്വീസ് 10 വർഷത്തിൽ താഴെയാണെങ്കിൽ ഈ ഗുണഭോക്താക്കളെ തുടർന്നുള്ള ഗഡുക്കൾ വിതരണം ചെയ്യുന്നതിനായി പ്രത്യേകം പരിഗണിക്കുമോ? | | സമൂഹത്തിലെ സാമ്പത്തികമായി ദുർബ്ബലരായ പരമാവധി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിയുടെ സഹായം ലഭ്യമാകുന്നതിനായിട്ടാണ് ഇത്തരമൊരു നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ